**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2051** **16-03-2022 - ൽ മറുപടിയ്ക്ക്**

**ചെങ്കോട്ട -കൊല്ലം റെയിൽ പാതയിലെ അതിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | null<br>(മുഖ്യമന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിൽ ചെങ്കോട്ട -കൊല്ലം റെയിൽ പാതയിലെ തെന്മലയിൽ വെച്ച് വനിതാ സ്റ്റേഷൻ മാസ്റ്റർക്ക് മോഷ്ടാവിൽ നിന്നും അതിക്രമം നേരിടേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിൽ തമിഴ്നാട് പാമ്പ്കോവിൽ റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്ററായ എറണാകുളം തോപ്പുംപടി വില്ലേജിൽ ചുള്ളിക്കൽ ദേശത്ത് തീയടി വീട്ടിൽ വിൽസി മകൾ രശ്മി ആന്റണി എന്നയാളുടെ മൊഴി പ്രകാരം പുനലൂർ റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 04/2022 U/S 392 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, അതിക്രമം നടത്തിയ ആൾ തമിഴ്നാട് സ്വദേശി ആണെന്ന് സംശയിക്കുന്നതിനാൽ തമിഴ്നാട് കേന്ദ്രീകരിച്ച് ആർ.പി.എഫ്., ജി.ആർ.പി, തമിഴ്നാട് ലോക്കൽ പോലീസ് എന്നിവരുമായി ചേർന്ന് കൂടുതൽ അന്വേഷണം നടത്തി വരുന്നതുമാണ്. |
| (ബി) | അതിക്രമം നടത്തിയ ആളെ പിടികൂടുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഈ സംഭവത്തിൽ തമിഴ്നാട് പാമ്പ്കോവിൽ റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്ററായ എറണാകുളം തോപ്പുംപടി വില്ലേജിൽ ചുള്ളിക്കൽ ദേശത്ത് തീയടി വീട്ടിൽ വിൽസി മകൾ രശ്മി ആന്റണി എന്നയാളുടെ മൊഴി പ്രകാരം പുനലൂർ റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 04/2022 U/S 392 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, അതിക്രമം നടത്തിയ ആൾ തമിഴ്നാട് സ്വദേശി ആണെന്ന് സംശയിക്കുന്നതിനാൽ തമിഴ്നാട് കേന്ദ്രീകരിച്ച് ആർ.പി.എഫ്., ജി.ആർ.പി, തമിഴ്നാട് ലോക്കൽ പോലീസ് എന്നിവരുമായി ചേർന്ന് കൂടുതൽ അന്വേഷണം നടത്തി വരുന്നതുമാണ്. |
| (സി) | ഈ അതിക്രമം നടക്കുന്ന സമയം ഉൾപ്പെടെ മലയോര മേഖലയിലൂടെയുള്ള കൊല്ലം-ചെങ്കോട്ട പാതയിൽ മതിയായ ആർ.പി.എഫ്./ പോലീസ് സാന്നിധ്യമില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ പ്രദേശത്തെ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള | (ഡി) | കൊല്ലം - ചെങ്കോട്ട പാസ്സഞ്ചർ ട്രെയിനിൽ |

| | | | |
|---|---|---|---|
| | യാത്രക്കാരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഒരുക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ? | | നിലവിൽ ബീറ്റ് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കൂടാതെ തെന്മല പ്ലാറ്റ്ഫോം ഡ്യൂട്ടിക്കായും പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ